Service With Love
JUBILEE MISSION
MEDICAL COLLEGE & RESEARCH INSTITUTE
Jubilee Mission P.O., East Fort, Thrissur - 680005, Kerala, India

05.02.2026

# ജൂബിലിയിൽ ഒബ്സ്റ്റെട്രിക് ക്രിട്ടിക്കൽ കെയർ വർക്ക്ഷോപ്പ് സംഘടിപ്പിച്ചു.

തൃശ്ശൂർ ഒബ്സ്റ്റട്രിക് ആന്റ് ഗൈനക്കോളജി സൊസൈറ്റിയും ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ ഒബ്സ്റ്റട്രിക്സ് ആൻഡ് ഗൈനക്കോളജി, എമർജൻസി മെഡിസിൻ, അനസ്തേഷ്യ, ക്രിട്ടിക്കൽ കെയർ, ട്രാൻസ്ഫ്യൂഷൻ മെഡിസിൻ എന്നീ വിഭാഗങ്ങളും സംയുക്തമായി ഒബ്സ്റ്റട്രിക് ക്രിട്ടിക്കൽ കെയർ വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. ജൂബിലി ഹാളിൽ നടന്ന പരിപാടിയിൽ തൃശ്ശൂർ മേയർ ഡോ. നിജി ജസ്റ്റിൻ മുഖ്യാതിഥിയായിരുന്നു. ചടങ്ങ് ജൂബിലി മിഷൻ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ, പ്രിൻസിപ്പാൾ ഡോ. എം.എ. ആൻഡ്രൂസ്, മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു കള്ളിവളപ്പിൽ, സി.ഇ.ഒ. ഡോ. ബെന്നി ജോസഫ്, ഡോ. സറീന ഗിൽവാസ്, ഗൈനക്കോളജി വിഭാഗം മേധാവി ഡോ. എം. ബിന്ദു, ടോഗ്സ് പ്രസിഡണ്ട് ഡോ. നീത, സെക്രട്ടറി ഡോ രേഷ്മി സി. ആർ. എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്തു. ഡോ. ബിന്ദു എം. സ്വാഗതവും ഡോ. നീത ജോർജ്ജ് നന്ദിയും പറഞ്ഞു. തുടർന്ന് നടന്ന ശിൽപശാലയിൽ ഗർഭകാലത്തും പ്രസവ സമയത്തും അതീവ ഗുരുതരാവസ്ഥയിലാകുന്ന രോഗികൾക്ക് ആവശ്യമായ അടിയന്തര ചികിത്സാരീതികളും ക്രിട്ടിക്കൽ കെയർ മാനേജമെന്റും നൽകേണ്ട രീതികളെക്കുറിച്ച് വിശദീകരിച്ചു. ഡോ. രമേഷ് ഭാസ്ക്കരൻ, ഡോ. രാജീവ്, ഡോ. ഡിയോ, ഡോ. ജോൺ പോൾ, ഡോ. സെബാസ്റ്റ്യൻ, ഡോ. സുഗത, ഡോ. അപർണ, ഡോ. വിജിൽ എന്നിവർ ശില്പശാലക്ക് നേതൃത്വം നൽകി. പരിപാടിയിൽ ഡോ. സെറീന ഗിൽവാസ്, ഡോ. ലോല രാമചന്ദ്രൻ, ഡോ. അശ്വത് കുമാർ, ഡോ. നിഷി, ഡോ. സുനിത, ഡോ. ഗീത, ഡോ. സപ്ന, ഡോ. വാസന്തി, ഡോ. ദീപ്തി, ഡോ. മെറിൻ, ഡോ. ലക്ഷ്മി, ഡോ. ഹെന്ന, ഡോ. അജീന, ഡോ. റോസ്, ഡോ. വിനായക് എന്നിവർ വിവിധ വിഷയങ്ങളെ ആസ്പദമാക്കി ക്ലാസുകൾ നയിച്ചു. ഗർഭകാലത്തും പ്രസവസമയത്തും ഗർഭിണികൾ നേരിടുന്ന അടിയന്തര സാഹചര്യങ്ങളിൽ ഏകോപിതമായ ചികിത്സ ഉറപ്പാക്കുന്നതിനും മെഡിക്കൽ ടീമുകളുടെ കഴിവുകൾ മെച്ചപ്പെടുത്തുന്നതിനും സഹായകമായ ശിൽപശാലയായിരുന്നു ഇത്.